# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1727 5/12/2014 ൽ മറുപടിയ്ക്ക്

## പച്ചക്കറിയിലെ കീടനാശിനി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ ശിവദാസൻ നായർ<br>" എ.പി അബ്ദുള്ളക്കുട്ടി<br>" ഡൊമിനിക് പ്രസന്റേഷൻ<br>" കെ മുരളീധരൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തേക്ക് ഇറക്കുമതി ചെയ്യുന്ന പച്ചക്കറികളിൽ കീടനാശിനി ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഏതൊക്കെ ഇനങ്ങളിലാണ് എന്ന് വിശദമാക്കാമോ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ പെസ്റ്റിസൈഡ് റെസഡ്യൂ ടെസ്റ്റിംഗ് ലാബിൽ നടത്തിയ പരിശോധനയിൽ കറിവേപ്പില, പുതിനയില, ക്വാളിഫ്ളവർ, ചുവപ്പ് ചീര, പച്ചമുളക്, കാപ്സിക്കം, കാബേജ്, തക്കാളി, പയർ, എന്നിവയിൽ അമിതമായതോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്. തിരുവനന്തപുരം, കൊല്ലം,ആലപ്പുഴ നഗരങ്ങളിലെ പച്ചക്കറികടകൾ, ജൈവപച്ചക്കറികടകൾ, സൂപ്പർ/ഹൈപ്പർ മാർക്കറ്റുകൾ, കാസർഗോഡ് ജില്ലയിലെ പച്ചക്കറി ചന്തകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച 64 ഇനം പച്ചക്കറികൾ മേൽപ്പറഞ്ഞ പരിശോധനാശാലയിൽ പരിശോധിച്ചതിൽ കറിവേപ്പില, പുതിനയില, ക്വാളിഫ്ളവർ, ചുവപ്പ്/പച്ച ചീര, പച്ചമുളക്, കാപ്സിക്കം, കാബേജ്, തക്കാളി, പയർ, മല്ലിയില, റാഡിഷ് (വെള്ള, ചുവപ്പ്), കാരറ്റ്, വെള്ളരി, വെണ്ടയ്ക്ക, സാമ്പാർ മുളക്, നെല്ലിക്ക, വഴുതന, പാവയ്ക്ക, കോവയ്ക്ക, മുരിങ്ങക്ക, ചുവന്നുള്ളി എന്നിവയിൽ അമിതമായതോതിൽ കീടനാശിനിയുടെ അളവ് കണ്ടെത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | സുരക്ഷിത പച്ചക്കറിക്കായി രൂപീകരിക്കുന്ന അതോറിറ്റിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ; കീടനാശിനി പരിശോധിക്കുന്നതിനുള്ള സംവിധാനം കൂടി ഇവയ്ക്കുണ്ടാവുമോ; | (ബി) | അന്യ സംസ്ഥാനങ്ങളിൽ നിന്ന് അമിതമായ അളവിൽ കീടനാശിനികൾ തളിച്ച് കേരളത്തിലേക്ക് കൊണ്ടു വരുന്ന പഴം, പച്ചക്കറികൾ എന്നിവയുടെ ഉറവിടം കണ്ടെത്തുക, അവയുടെ കേരളത്തിലേക്കുള്ള വരവ് തടയുക, അവയിലുള്ള കീടനാശിനികളുടെ അളവ് കണ്ടുപിടിച്ച് പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുക, കീടനാശിനികളുടെ അമിത ഉപയോഗത്തിന്റെ ദോഷവശങ്ങളെപറ്റി കർഷകരെയും ഉപഭോക്താക്കളെയും ബോധവാൻമാരാക്കുക, പഴം, പച്ചക്കറികൾ എന്നിവയിൽ നിന്ന് കീടനാശിനികളുടെ അംശം പരമാവധി നീക്കം ചെയ്യാനുള്ള മാർഗ്ഗങ്ങളെ പറ്റിയും ജനങ്ങളെ ബോധവാൻമാരാക്കുക. |
| (സി) | വെള്ളായണി കാർഷിക സർവ്വകലാശാലയിലെ കീടനാശിനി സാമ്പിൾ പരിശോധനാ ഫീസ് ഭീമമാണെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് കുറയ്ക്കാൻ നടപടി സ്വീകരിക്കുമോ; | (സി) | വെള്ളായണി കാർഷിക കോളേജിലെ കീടനാശിനി പരിശോധനലാബിൽ കൃഷി വകുപ്പിന്റെ ശുപാർശയോടുകൂടി വരുന്ന കർഷകരുടെ സാമ്പിളുകൾ സൗജന്യമായി പരിശോധിക്കുന്നു. എന്നാൽ സ്വകാര്യ സാമ്പിളുകൾക്ക് 3500/- രൂപ മുതൽ 8000/- രൂപ വരെ പരിശോധനാഫീസ് ഈടാക്കുന്നു. ഫീസ് കുറയ്ക്കുന്ന കാര്യം പരിശോധിച്ചിട്ടില്ല. |
| (ഡി) | കീടനാശിനി ചേർന്ന പച്ചക്കറിയുടെ വർദ്ധിച്ചുവരുന്ന ഇറക്കുമതി ഉടനടി തടയാൻ ഓരോ ചെക്ക് പോസ്റ്റ് കേന്ദ്രീ-കരിച്ചും പരിശോധനാ കേന്ദ്രങ്ങൾ തുടങ്ങുമോ; വിശദമാക്കാമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |
| (ഇ) | പച്ചക്കറിയിലെ കീടനാശിനി പരിശോധിക്കുന്ന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | പരിഗണിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ